GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/09/2026

1. നെല്ലുസംഭരണത്തിനുള്ള തുക കർഷകർക്ക് നേരിട്ട് ലഭ്യമാക്കാനുള്ള പദ്ധതിക്കൊരുങ്ങി സർക്കാർ. നിലവിലെ ബാങ്ക് കൺസോർഷ്യം വഴിയുള്ള പി.ആർ.എസ്. വായ്പ നിർത്തലാക്കും. നബാർഡുമായി സഹകരിച്ചായിരിക്കും പുതിയ പദ്ധതി. 10 ശതമാനത്തിലേറെ പലിശയിലാണ് നിലവിലുള്ള വായ്പ. ഇതിനു പകരമായി, മൂന്ന് ശതമാനം പലിശയിൽ നബാർഡിൽനിന്നും സർക്കാർ വായ്പയെടുക്കും. തുടർന്ന്, നെല്ല് സംഭരണത്തിനുള്ള തുക കർഷകർക്ക് നേരിട്ട് നൽകും. ഇതിനുള്ള കർമപദ്ധതി തയ്യാറാക്കാൻ ചർച്ചകൾക്ക് ഭക്ഷ്യ- കൃഷി സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

2. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം, സെപ്റ്റംബർ 16 ന് സൗജന്യ പന്നി വളർത്തൽ പരിശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . താൽപര്യമുള്ളവർക്ക് നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. സംസ്ഥാന കീടനിരീക്ഷണകേന്ദ്രം, കളർകോട് നൽകുന്ന അറിയിപ്പ്, കുട്ടനാട്ടിലെ രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം വ്യാപകമായി കാണുന്നു. ഇലകളിലുള്ള സ്വാഭാവിക സുഷിരങ്ങൾ വഴിയും കീടബാധ മൂലമോ അല്ലാതെയോ ഉണ്ടാകുന്ന മുറിവുകളിലൂടെയുമാണ് ബാക്ടീരിയ ചെടിയ്ക്കകമേ പ്രവേശിക്കുന്നത്. വേരിലൂടെയും ബാക്ടീരിയ രോഗബാധ ഉണ്ടാകാം. ചെടിയുടെ അകമേ ബാക്ടീരിയൽ കോശങ്ങൾ പെരുകി, ജല സംവഹനം തടസ്സപ്പെടുന്ന സാഹചര്യത്തിലാണ് പുറമേ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ചെടിയ്ക്കുള്ളിൽ ബാക്ടീരിയൽ കോശങ്ങൾ അതിവേഗത്തിൽ വളർന്നു പെരുകുന്നതിനാലും, വൈകിമാത്രം രോഗലക്ഷണങ്ങൾ പുറമേ പ്രത്യക്ഷപ്പെടുന്നതിനാലും രോഗനിയന്ത്രണം വളരെ ശ്രമകരമാണ്. മഴ, കാറ്റ്, പാടശേഖരത്തിലെ ജലസേചനത്തിനുള്ള വെള്ളം, ഇലത്തുമ്പുകൾ തമ്മിലുരസുന്നത് എന്നിവയിലൂടെയെല്ലാം രോഗവ്യാപനം വളരെ

വേഗത്തിൽ നടക്കുന്നു. പ്രാരംഭ ദിശയിൽ തന്നെ പാടശേഖര അടിസ്ഥാനത്തിൽ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മാത്രമേ രോഗം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കാൻ കഴിയൂ.

<u>നിയന്ത്രണ മാർഗ്ഗങ്ങൾ</u>

- പച്ചചാണകം കിഴികെട്ടി ത്ധമ്പു ഭാഗത്ത് ഇടുകയോ, ചാണക സ്ളറി കണ്ടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. അല്ലാത്ത പക്ഷം ബ്ലീച്ചിംഗ് പൗഡർ ഏക്കറിന് 2 കിലോ ഗ്രാം 33 തോതിൽ ചെറിയ മസ്ളിൻ കിഴികളിലാക്കി വെള്ളം കയറുന്ന സ്ഥലങ്ങളിൽ വെയ്ക്കാം.
- രോഗത്തിന്റെ പ്രാംരംഭ ഘട്ടത്തിൽ ബ്രോണോപോൾ 100% (ബയോനോൾ) 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ, 3 മില്ലി ഫിൽവെറ്റ്/ടീപോൾ (പശ) കൂടി ചേർത്ത് തളിച്ചു കൊടുക്കാം. മുകളിലകൾ നന്നായി നനയത്തക്ക വിധം തളിക്കണം.
- കൂടുതൽ വ്യാപിച്ചിട്ടുണ്ടെങ്കിൽ സ്ട്രപ്റ്റോസൈക്ലിൻ 2 ഗ്രാം, കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം എന്നിവ ഓരോന്നും 10 ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലക്കി ടാങ്കിൽ മിക്സ് ചെയ്ത് 10 ലിറ്ററിന് 3 മില്ലി ഫിൽവെറ്റ്/ടീപോൾ കൂടി ചേർത്ത് തളിച്ചു കൊടുക്കാം.

- ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കർഷകർക്ക് 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസെൻ 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ്, ബാസിലസ് സബ്റ്റിലിസ് എന്നിവ ഓരോന്നും 20 ഗ്രാം വീതം 1 ലിറ്റർ വെള്ളത്തിൽ മേൽ സൂചിപ്പിച്ച അളവിൽ പശ കൂടി ചേർത്ത് (3 മില്ലി 10 ലിറ്റർ വെള്ളം) തളിക്കുന്നത്, വളരെ ഫലപ്രദമാണ്.
- പൊട്ടാസ്യം, സിലിക്ക എന്നീ മൂലകങ്ങൾ രോഗ പ്രതിരോധത്തിന് ഫലപ്രദമാണ്. 13:0:45 തളിവളം 10 ലിറ്ററിന് 100 ഗ്രാം, 25 മില്ലി സിലിക്ക, 4 മില്ലി ഫിൽവെറ്റ്/ടീപോൾ എന്നിവ ചേർത്ത് തളിക്കുന്നതും രോഗപ്രതിരോധത്തിന് സഹായിക്കും.
- തുടർച്ചയായി വെള്ളം കെട്ടിനിൽക്കാതെ ഇടയ്ക്കിടെ വറ്റിക്കുന്നത് രോഗവ്യാപനത്തിന്റെ തോത് കുറയ്ക്കും. എന്നാൽ അമ്ലത കൂടുതലുള്ള നിലങ്ങൾ അധികം ഉണങ്ങാതെ ശ്രദ്ധിക്കണം.

തകഴി, അമ്പലപ്പുഴ നോർത്ത്, നെടുമുടി, കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാങ്കേതിക ഉപദേശം പ്രകാരമല്ലാതെ

കർഷകർ മുഞ്ഞയ്ക്കെതിരെ കീടനാശിനി പ്രയോഗം നടത്താൻ പാടുള്ളതല്ല. അന്വേഷണങ്ങൾക്കായി കർഷകർക്ക് തകഴി കൃഷിഭവന് കീഴിലുള്ളവർ 9633815621, നെടുമുടി കൃഷിഭവന് കീഴിലുള്ളവർ 8547865338 , അമ്പലപ്പുഴ കൃഷിഭവന് കീഴിലുള്ളവർ 94747731783 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. സമീപപ്രദേശങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ അതാത് കൃഷിഭവനിൽ ഉടനെ അറിയിക്കേണ്ടതാണ്.

4. നെടുമങ്ങാട് പെരിങ്ങമ്മല ഗ്രാമം ഫാം ഫെസ്റ്റിവൽ 'കനിവ് 2026' സെപ്റ്റംബർ 9 മുതൽ 15 വരെ നടത്തുന്നതാണ്. കൃഷിയിലേക്ക് കടന്നു വരുന്നവർക്കും കൃഷിക്കാർക്കും ഈ മേള ഒരുപോലെ പ്രയോജനപ്പെടുമെന്ന് ഫാം സൂപ്രണ്ട് അറിയിച്ചു.

5. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ സെപ്റ്റംബർ 16ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വെച്ച് രാവിലെ 10 മണി മുതൽ 5 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർക്ക് പ്രവർത്തിദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിനു എത്തുന്നവർ ആധാർക്കാഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.